**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3758** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടിക ജാതി വികസന ഫണ്ട് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നൽകുന്ന ആനുകൂല്യങ്ങൾ ഓൺലൈൻ മുഖേന നടപ്പാക്കുന്നതിനാൽ ആവശ്യമായ സൈബർ സെക്യൂരിറ്റി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (എ) | വകുപ്പിന്റെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകി വരുന്ന ഇ-ഗ്രാന്റ്സ് സോഫ്റ്റ് വെയർ ഡേറ്റ സെന്ററിലാണ് ഹോസ്റ്റ് ചെയ്തിരിക്കുന്നത്. CERT-K Empanelled എന്ന ഏജൻസി സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തിയ ശേഷമാണ് സോഫ്റ്റ് വെയർ ഡേറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്തിരിക്കുന്നത്. ഓരോ രണ്ട് വർഷം കൂടുംതോറും സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിന്റെ ഭവന നിർമ്മാണം, ഭവന പുന:രുദ്ധാരണം, ഭവന പൂർത്തീകരണം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്ന ഇ-ഹൗസിംഗ് സോഫ്റ്റ് വെയർ 2018-19 കാലഘട്ടത്തിൽ കേരള സംസ്ഥാന ഐ.ടി മിഷൻ മുഖേന സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തിയിട്ടുള്ളതാണ്. വകുപ്പ് നടപ്പിലാക്കിവരുന്ന വാത്സല്യനിധി പദ്ധതിയ്ക്കായി തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ് വെയറിലും സെക്യൂരിറ്റി ഓഡിറ്റിംഗ് നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ